കപ്പൽ സർവ്വീസ്

106 (7669) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കപ്പൽ സർവ്വീസ് ആരംഭിക്കുമെന്ന പ്രഖ്യാപനം എന്ന് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) സർക്കാരിന്റെ 'മിഷൻ 676' പദ്ധതിയിൽ കപ്പൽ സർവ്വീസ് ആരംഭിക്കുന്നത് ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതുകൂടി പദ്ധതിയിൽ ഉൾപ്പെടുത്തി കപ്പൽ സർവ്വീസ് ആരംഭിക്കുമോ ;

(സി) കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് സാങ്കേതികമായതോ, നിയമപരമായതോ ആയ തടസ്സങ്ങൾ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് വ്യക്തമാക്കുമോ ; തടസ്സങ്ങൾ പരിഹരിച്ച് എത്രയുംവേഗം കപ്പൽ സർവ്വീസ് ആരംഭിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ചരക്കുനീക്കം ജലമാർഗ്ഗത്തിലൂടെ കൈകാര്യം ചെയ്യുന്നതിന് കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതം വഴിയുള്ള ചരക്കുനീക്കത്തിന് ഒരു ടൺ ചരക്കിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുണ്ട്. 9-11-2013-ന് കൊല്ലം തുറമുഖത്തുവച്ച് തീരദേശ കപ്പൽ ഗതാഗത പദ്ധതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ആദ്യ ഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം. ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽക്കൂടിയാണ് ചരക്കുനീക്കം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. കേരളത്തിലെ വ്യവസായശാലകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ചരക്കുനീക്കം തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ എഫ്.സി.ഐ.യുടെ ചരക്കുകളും ഈ പദ്ധതിയിലൂടെ കൈകാര്യം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ഗുജറാത്ത്-കൊല്ലം മേഖലയിലും കൊച്ചി-കൊല്ലം മേഖലയിലും കപ്പൽ സർവ്വീസുകൾ നടക്കുന്നുണ്ട്. അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിലേക്ക് സർവ്വീസുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കിവരുന്നു. വിഴിഞ്ഞത്തുനിന്ന് മാലിയിലേക്കും ബേപ്പൂരിൽ നിന്നും ലക്ഷദ്വീപിലേക്കും സർവ്വീസുകൾ നടന്നുവരുന്നു.

483/2016

LIBRARY ARCHIVES Kerala Legislative Assembly